**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3250 16.12.2015-ൽ മറുപടിക്ക്

**തീറ്റപ്പുൽ വികസന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.ജോസഫ് വാഴയ്ക്കൻ | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) തീറ്റപ്പുൽ വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;<br><br>(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) ഉണ്ട്. പോഷക മൂല്യമുള്ള തീറ്റപ്പുല്ലിന്റെ ലഭ്യത ഉറപ്പാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും കാലിത്തീറ്റച്ചെലവ് കുറച്ച് പാലുല്പാദനച്ചെലവ് കുറയ്ക്കുന്നതിനും വേണ്ടി തീറ്റപ്പുൽ കൃഷി വികസന പരിപാടി നടത്തിവരുന്നു. തീറ്റപ്പുൽക്കടകൾ സൗജന്യമായി ക്ഷീരകർഷകർക്ക് നല്കുക, തീറ്റപ്പുൽ കൃഷിക്കായി ധനസഹായം നല്കുക, ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഫോഡർ സെമിനാറുകൾ സംഘടിപ്പിക്കുക, അസോള, ചോളം കൃഷിക്കായി സബ്സിഡി അനുവദിക്കുക, സ്ത്രീകൾക്കു മാത്രമായുള്ള സ്വയം സഹായഗ്രൂപ്പുകളായ ഗോപാലിക ഗ്രൂപ്പിലൂടെ വനിതകൾക്ക് പുൽകൃഷി ഉത്പാദനവും വിപണനവും നടത്തുന്നതിന് ആവശ്യമായ ധനസഹായം നല്കുക, ഹൈടെക് തീറ്റപ്പുൽ കൃഷിക്കും ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹനം നല്കുക എന്നിവ ഈ പദ്ധതി മുഖേന വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>മിൽമയുടെ എറണാകുളം മേഖലാ യൂണിയന്റെ 2015-2016 വർഷത്തെ ബഡ്ജറ്റിൽ 12 ലക്ഷം രൂപ തീറ്റപ്പുല്ല്, വൈയ്ക്കോൽ എന്നിവയുടെ വിതരണത്തിനായി മാറ്റിവച്ചിട്ടുണ്ട്. കൂടാതെ വാണിയമ്പാറ ഡയറി പ്രോജക്ടിനു കീഴിൽ 50 ക്ഷീരകർഷകർക്ക് പുൽകൃഷി വികസനത്തിനായി 10000 രൂപ വീതം വകയിരുത്തിയിട്ടുമുണ്ട്. മലബാർ മേഖലാ യൂണിയൻ തീറ്റപ്പുൽ വികസന പദ്ധതിയ്ക്കായി 2015-2016 വർഷത്തിൽ 60 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയനിൽ കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ 20 ലക്ഷം രൂപ ചെലവഴിച്ച് 60 ഹെക്ടർ |

സ്ഥലത്ത് പുൽകൃഷി നടത്തുന്നതിനുള്ള സ്കീം ഈ വർഷം നടപ്പിലാക്കുന്നുണ്ട്.

(സി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?.

(സി) നടപ്പു വർഷം ക്ഷീരവികസന വകുപ്പ് 500 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി-വരുന്നു. മിൽമയുടെ മേഖലാ യൂണിയനുകൾ തീറ്റപ്പുൽകൃഷി വികസനത്തിന് സബ്‌സിഡി നല്കുകയും പ്രോത്സാഹനങ്ങളും പരിശീല-നങ്ങളും സാമ്പത്തികസഹായങ്ങളും നിർ-ദ്ദേശങ്ങളും നല്കിവരുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ